YUVAKALASAHITHY
UAE



Season 2

# KALOTSAVAM

# MANUAL BOOK

YUVAKALASAHITHYUAE YUVAKALASAHITHYUAE YUVAKALASAHITHYUAE YUVAKALASAHITHYUAE
KALOTSAVAM 2025 DUBAI KALOTSAVAM 2025 DUBAI KALOTSAVAM 2025 DUBAI

# ആമുഖം

ആകാശസീമകളും അനന്തവിഹായസ്സും മാത്രം അതിരുകൾ നിർണയിക്കുന്ന കുട്ടികളുടെ സർഗ്ഗശേഷി  പ്രകടിപ്പിക്കുവാൻ വേണ്ടത്ര വേദികൾ ഗൾഫ് രാജ്യങ്ങളിൽ ലഭ്യമല്ല.  രോഗം ലോകത്തെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിട്ടിരുന്ന ആനാളുകളിലാണ് യുവകലാസാഹിതി കുഞ്ഞുങ്ങളുടെ സർഗ്ഗ വാസനകൾക്ക് ചിറകു നൽകി ഓൺലൈനിൽ കലോത്സവം സംഘടിപ്പിച്ചത്.  കാലഘട്ടത്തിന്റെ എല്ലാ പരിമിതികളെയും കാറ്റിൽ പറത്തിക്കൊണ്ട് അഭൂതപൂർവ്വമായ, ആവേശകരമായ പ്രതികരണമാണ് കുട്ടികളുടെയും രക്ഷിതാക്കളുടെയും ഭാഗത്തുനിന്നുണ്ടായത്. അത് യുവകലാസാഹിതിയുടെ പ്രവർത്തകർക്ക് അവരുടെ മുന്നോട്ടുപോക്കിൽ പകർന്നുതന്ന  ബാല്യവും യൗവനവും എത്രയെന്ന് വാക്കുകളിൽ വിശേഷിപ്പിക്കുവാൻ ആവില്ല.

ഓൺലൈൻ കലോത്സവ വിജയത്തിന്റെ ഊർജ്ജം ഉൾക്കൊണ്ട് സംസ്ഥാന കലോത്സവത്തിന്റെ മാതൃകയിൽ 4 വയസ്സുമുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ അഞ്ചു മേഖലകൾ ആയി തിരിച്ചു 1500 ഓളം കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി  കലോത്സവത്തിന്റെ ഒന്നാം സീസൺ 2024 നവംബർ മാസത്തിൽ അജ്മാനിൽ വെച്ച് നടത്തപ്പെടുകയുണ്ടായി.

കലോത്സവം സീസൺ-2 2025 നവംബർ 15 മുതൽ 23 വരെ ദുബായിലെ ഗൾഫ് ഇന്ത്യൻ സ്കൂളിൽ വെച്ച് സംഘടിപ്പിക്കുവാൻ യുവകലാസാഹിതി യുഎഇ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ.

ഏതൊരു കലാകാരനും സമൂഹത്തോട്, പ്രത്യേകിച്ച് വേദനിക്കുന്ന മനസ്സുകളോട് പ്രതിബദ്ധതയുണ്ടെന്ന് വിശ്വസിച്ചുകൊണ്ട് ഒരുമയും സ്നേഹവും ഐക്യവും കരുതലും ഒന്നും കടലാസുകളിൽ ഉറങ്ങേണ്ട   അക്ഷരവിന്യാസമല്ലായെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് യുവകലാസാഹിതി യു. എ. ഇ കലോത്സവത്തിന്റെ രണ്ടാം പതിപ്പിനു തിരശീല ഉയരുകയാണ്...

കലോത്സവങ്ങൾ വെറും ആഘോഷങ്ങൾ മാത്രമല്ല, മറിച്ച് അവ അടയാളപ്പെടുത്തലുകൾ കൂടിയാണ്. നമ്മുടെ തലമുറയുടെ കാഴ്ചകൾക്കുമപ്പുറം നവോത്ഥാനത്തിൻ്റെ ശംഖൊലികളാണവ. കലയിലൂടെ, അതിൻ്റെ വികാസപരിണാമങ്ങളിലൂടെ പ്രാദേശികങ്ങളായ ഒട്ടേറെ കലാരൂപങ്ങളെ അന്യംനിന്നുപോകാതെ നിലനിർത്താൻ കലോത്സവങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്കാരത്തേയും സാമൂഹിക മാനസികാരോഗ്യത്തേയും പരിപോഷിപ്പിക്കാൻ കഴിയുമെന്നുള്ള പൂർണ്ണവിശ്വാസത്തോടെ മുന്നേറുകയാണ് യുവകലാസാഹിതി .കാലം ആവശ്യപ്പെടുന്ന തിരിച്ചറിവിലേക്ക് ഉണർന്നിരിക്കാനുള്ള ചോദനയാവട്ടെ കലോത്സവങ്ങളും!

ചെയർമാൻ / ജനറൽ കൺവീനർ,

സ്വാഗത സംഘം

© 2025 Yuvakalasahithy UAE. All rights reserved.

## സംഘാടക സമിതി ഭാരവാഹികൾ

| | |
|---|---|
| **രക്ഷാധികാരികൾ:** | **വിൽസൺ തോമസ്, പ്രദീഷ് ചിതറ** |
| **ചെയർമാൻ :** | **അജി കണ്ണൂർ** |
| **വൈസ് ചെയർമാൻ :** | **നൗഷാദ് അറക്കൽ** |
| **ജനറൽ കൺവീനർ :** | **സുബീർ അരോൾ** |
| **ജോ:കൺവീനർ :** | **മനു കൈനകിരി** |

© 2025 Yuvakalasahithy UAE. All rights reserved.

## **പൊതു നിർദ്ദേശങ്ങൾ**

1. യു.എ.ഇ ൽ KG തലം മുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്ക് ഈ കലോത്സവത്തിൽ പങ്കെടുക്കാൻ കഴിയുന്നതാണ് .

2. യു.എ.ഇ ലെ വിവിധ പ്രദേശങ്ങളെ അഞ്ചു മേഖലകളായി തിരിച്ചാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

    I. അബുദാബി മേഖല – (അബുദാബി ,അൽ ഐൻ )
    II. ദുബായ് മേഖല
    III. ഷാർജ മേഖല
    IV. അജ്മാൻ മേഖല – (അജ്മാൻ, ഉം അൽ ഖുവൈൻ )
    V. റാസ് അൽ ഖൈമ മേഖല – (റാസ് അൽ ഖൈമ , ഫുജൈറ ,കൽബ , ഖോർഫക്കാൻ )

3. താഴെ പറയും പ്രകാരം യുവകലാസാഹിതി യൂണിറ്റുകളുടെ നിയന്ത്രണത്തിൽ ആയിരിക്കും വിവിധ മേഖലകൾ.

    A. അബുദാബി മേഖല – അബുദാബി ,അൽ ഐൻ യുണിറ്റ്
    B. ദുബായ് മേഖല - ദുബായ് യുണിറ്റ്
    C. ഷാർജ മേഖല - ഷാർജ യുണിറ്റ്
    D. അജ്മാൻ മേഖല – അജ്മാൻ ഉം അൽ ഖുവൈൻ യുണിറ്റ്
    E. റാസ് അൽ ഖൈമ മേഖല – റാസ് അൽ ഖൈമ യുണിറ്റ്

4. താഴെ പറയുന്ന അഞ്ചു വിഭാഗങ്ങൾ ആയിട്ടായിരിക്കും മത്സരങ്ങൾ നടക്കുക.

| | |
|---|---|
| കാറ്റഗറി - I | നാല് വയസ്സ് മുതൽ ആറ് വയസ്സ് വരെ |
| കാറ്റഗറി - II | ഏഴ് വയസ്സു മുതൽ ഒൻപത് വയസ്സ് വരെ |
| കാറ്റഗറി - III | പത്ത് വയസ്സു മുതൽ പന്ത്രണ്ട് വയസ്സ് വരെ |
| കാറ്റഗറി - IV | പതിമൂന്ന് വയസ്സ് മുതൽ പതിനഞ്ചു വയസ്സ് വരെ |
| കാറ്റഗറി - V | പതിനാറ് വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ |

© 2025 Yuvakalasahithy UAE. All rights reserved.

5. 2025 മാർച്ച് 31 ന് മുമ്പ് മുകളിൽ ചേർത്തിരിക്കുന്ന വയസ്സ് പൂർത്തിയായിരിക്കണം.
6. മത്സര ഇനങ്ങളെ അഞ്ചായി തരം തിരിച്ചിരിക്കുന്നു;
    1. സ്റ്റേജിതര മത്സരങ്ങൾ - off stage Competitions
    2. സ്റ്റേജിന മത്സരങ്ങൾ - On stage Competitions
    3. ക്ലാസിക്കൽ ഡാൻസ് -Classical Dance
    4. ഗ്രൂപ്പ് മത്സരങ്ങൾ - Group Competitions
    5. മേഖലകൾ തമ്മിലുള്ള മത്സരങ്ങൾ -Region wise Competitions
7. പഠിക്കുന്ന സ്കൂൾ ഏത് എമിറേറ്റ്സിൽ ആണോ അതായിരിക്കും മത്സരാർത്ഥിയുടെ മേഖല. മേഖലകൾ തമ്മിലുള്ള മത്സരങ്ങൾക്കും, ഗ്രൂപ്പ് മത്സരങ്ങൾക്കും ഈ നിബന്ധന ബാധകമല്ല.

8. ഓരോ മത്സരാർത്ഥിയും അവർ രജിസ്റ്റർ ചെയ്യുന്ന മേഖലയുടെ പ്രതിനിധി ആയിട്ടായിരിക്കും മത്സരിക്കുന്നത് .

9. മത്സരാർത്ഥികൾക്ക് വേണ്ട പരിശീലനം , മറ്റു സൗകര്യങ്ങൾ എന്നിവ അതാത് മേഖലകളുടെ നിയന്ത്രണത്തിൽ ഉള്ള യൂണിറ്റുകൾക്ക് ചെയ്തു നൽകാവുന്നതാണ് .

10. സ്റ്റേജിതര മത്സരങ്ങൾ അതാത് മേഖലകളിലെ നിശ്ചയിക്കുന്ന കേന്ദ്രങ്ങളിലായിരിക്കും നടക്കുക .എല്ലാ കേന്ദ്രങ്ങളിലും കലോത്സവ പ്രോഗ്രാം കമ്മിറ്റി തയ്യാറാക്കുന്ന ഷെഡ്യൂളനുസരിച്ചായിരിക്കും ഒരേ സമയം മത്സരം നടക്കുക .

11. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ് .

12. ഒരു മത്സരാർത്ഥിക്ക് പരമാവധി 4 സ്റ്റേജിതര ഇനങ്ങളിലും 5 സ്റ്റേജിന മത്സരങ്ങളിലും , ക്ലാസിക്കൽ വിഭാഗത്തിലെ മൂന്ന് ഇനങ്ങളിലും പങ്കെടുക്കാം.

13. കാറ്റഗറി-I & കാറ്റഗറി-II മത്സരങ്ങളിൽ ഒരു മത്സരാർത്ഥിക്ക് പങ്കെടുക്കാവുന്ന ഇനങ്ങളുടെ എണ്ണത്തിൽ നിയന്ത്രണമില്ല.

© 2025 Yuvakalasahithy UAE. All rights reserved.

14. ഗ്രൂപ്പ് & മേഖല മത്സരങ്ങളിൽ ഒരു മത്സരാർത്ഥിക്ക് പങ്കെടുക്കാവുന്ന ഇനങ്ങളുടെ എണ്ണത്തിൽ  നിയന്ത്രണമില്ല.

15. മേഖലകൾ തമ്മിലുള്ള മത്സരങ്ങൾക്കും, ഗ്രൂപ്പ് മത്സരങ്ങൾക്കും  ലഭിക്കുന്ന പോയിന്റ് വ്യക്തിഗത പോയിന്റായി പരിഗണിക്കുന്നതല്ല .

16. ഗ്രൂപ്പ് മത്സരങ്ങളിൽ നിന്ന് ലഭിക്കുന്ന പോയിന്റ് മേഖലകളുടെ പോയിന്റിൽ പരിഗണിക്കുന്നതല്ല .

17. യുവകലാസാഹിതി യു എ ഇ വെബ്സൈറ്റ് (https://yuvakalasahithyuae.org/) വഴി ആയിരിക്കും കലോത്സവ രജിസ്ട്രേഷൻ നടത്തുന്നത് .

18. നിശ്ചിത സമയത്തിന് ശേഷം വരുന്ന ഒരു  രജിസ്ട്രേഷനും സ്വീകരിക്കുന്നതല്ല.

19. ഏതു ഘട്ടത്തിലും രജിസ്ട്രേഷൻ പൂർണ്ണമായോ ഭാഗീകമായോ  നിർത്തിവെക്കാൻ സംഘാടക സമിതിക്ക് അധികാരമുണ്ടായിരിക്കും .

20. നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ രജിസ്ട്രേഷൻ  നടപടി ക്രമങ്ങൾ പൂർത്തീകരിക്കാത്ത മത്സരാർത്ഥിക്ക് കലോത്സവത്തിൽ പങ്കെടുക്കാൻ കഴിയുന്നതല്ല.

21. മേഖലകൾ തമ്മിലുള്ള മത്സര ഇനങ്ങളുടെ രജിസ്ട്രേഷൻ അതാത് മേഖലകൾ പൂർത്തീകരിക്കേണ്ടതാണ് .

22. ഗ്രൂപ്പ് മത്സരങ്ങളിൽ ടീം ക്യാപ്റ്റനോ, ഡാൻസ് സ്കൂളുകൾക്കോ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്.  നിശ്ചയിക്കുന്ന തീയതിക്കുള്ളിൽ  ടീമിലെ മുഴുവൻ അംഗങ്ങളുടെയും വിവരങ്ങൾ കൈമാറേണ്ടതാണ്.

© 2025 Yuvakalasahithy UAE. All rights reserved.

23. മേഖലകൾ തമ്മിലുള്ള മത്സര ഇനങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷന് ശേഷം മത്സരാർത്ഥികളുടെ പേരും മറ്റ് വിവരങ്ങളും കലോത്സവ സംഘാടക സമിതിയുടെ രജിസ്ട്രഷൻ ടീം നിശ്ചയിക്കുന്ന സമയത്തിന് മുമ്പ് നല്കി പൂർത്തീകരിക്കേണ്ടതാണ് .

24. കലോത്സവത്തിൽ ഒന്നാം സ്ഥാനം,രണ്ടാം സ്ഥാനം ,മൂന്നാം സ്ഥാനം എന്നിങ്ങനെ വിജയികൾ ഉണ്ടായിരിക്കുന്നതാണ്.

ലഭിക്കുന്ന പോയിന്റ് വിവരം ചുവടെ

| **ഒന്നാം സ്ഥാനം** | **രണ്ടാം സ്ഥാനം** | **മൂന്നാം സ്ഥാനം** |
|---|---|---|
| **5** | **3** | **1** |

25. ഒരിനത്തിൽ മത്സരിക്കുന്ന എല്ലാവരെയും വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ ആയിരിക്കും.

26. മത്സരത്തിന് ഒരു കുട്ടി മാത്രമേ ഉള്ളുവെങ്കിൽ കുട്ടിയുടെ പ്രകടനം വിലയിരുത്തുന്നതാണ് . A ഗ്രേഡ് ലഭിച്ചാൽ ആ മത്സരാർത്ഥിക്ക് ഒന്നാം സ്ഥാനത്തിന് അർഹത ഉണ്ടായിരിക്കും. A ഗ്രേഡ് ലഭിക്കാത്ത സാഹചര്യത്തിൽ ലഭിക്കുന്ന ഗ്രേഡിനനുസരിച്ച പോയിന്റ് മാത്രമേ ലഭിക്കുകയുള്ളു.

27. കാറ്റഗറി- I , കാറ്റഗറി- II, കാറ്റഗറി- III, കാറ്റഗറി V വിഭാഗങ്ങളിലെ മത്സരങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ പോയിൻറ് നേടുന്ന കുട്ടികൾക്ക് പ്രത്യേക ട്രോഫി നൽകുന്നതാണ്.

28. ഗ്രൂപ്പ് മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി ഗ്രൂപ്പ് വിജയി ആവുന്ന ടീമിന് പ്രത്യേക പുരസ്കാരം നൽകുന്നതാണ് .

29. കാറ്റഗറി IV ലെ മത്സരങ്ങളിൽ കൂടുതൽ പോയിൻറ് നേടുന്ന കുട്ടികൾക്ക് ആയിരിക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി കലാപ്രതിഭ, കലാതിലക പട്ടങ്ങൾക്കു അർഹത ഉണ്ടായിരിക്കുക .

© 2025 Yuvakalasahithy UAE. All rights reserved.

30. മത്സര ഇനത്തിൽ ലഭിച്ച സ്ഥാനം ,ഗ്രേഡ് എന്നിവയുടെ ആകെ തുകയായിരിക്കും വ്യക്തിഗത പോയിന്റ്.

31. ഓരോ മത്സര ഇനത്തിനും 100 ൽ ആയിരിക്കും മാർക്ക് നൽകുന്നത്.

32. മത്സരത്തിൽ അറുപതു ശതമാനത്തിൽ താഴെ മാർക്ക് ലഭിക്കുന്ന ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല.

33. അറുപതു ശതമാനമോ അതിലധികമോ മാർക്ക് ലഭിക്കുന്ന ഇനങ്ങളെ എ, ബി,സി എന്നീ മൂന്ന് ഗ്രേഡുകളായി തിരിക്കുന്നതാണ് .

ഓരോ ഗ്രേഡിനും താഴെക്കാണുന്ന വിധം പോയിന്റ് ലഭിക്കും

| **ഗ്രേഡ്** | **മാർക്ക് ശതമാനം** | **ലഭിക്കുന്ന പോയിന്റ്** |
|---|---|---|
| എ | 80 % മോ അതിലധികമോ | 5 |
| ബി | 70 % മുതൽ 79 % വരെ | 3 |
| സി | 60 % മുതൽ 69 % വരെ | 1 |

34. നാടക മത്സരത്തിൽ പങ്കെടുക്കുന്ന മേഖലയ്ക്ക് 15 പോയിന്റ് ബോണസായി ലഭിക്കുന്നതായിരിക്കും.

35. ഓവർ ആൾ ചാമ്പ്യനെ കണ്ടെത്തുന്നതിന് അതാതു മേഖലയിലെ മത്സര വിജയികളുടെ വ്യക്തിഗത പോയിന്റും, മേഖലാതല മത്സരങ്ങളുടെ പോയിന്റും ആയിരിക്കും പരിഗണിക്കുന്നത്. ഗ്രൂപ്പ് മത്സരങ്ങളുടെ പോയിന്റ് ഇതിൽ പരിഗണിക്കുന്നതല്ല

36. കലോത്സവുമായി ബന്ധപ്പെട്ട എല്ലാ പ്രചരണങ്ങളിലും സംഘടക സമിതി അംഗീകരിച്ച കലോത്സവ ലോഗോ ഉപയോഗിക്കേണ്ടതാണ്.

37. കലോത്സവുമായി ബന്ധപ്പെട്ട എല്ലാ നയപരമായ കാര്യങ്ങളിലും യുവകലാസാഹിതിയുടെ കേന്ദ്ര കമ്മിറ്റി ആയിരിക്കും അന്തിമ തീരുമാനം കൈക്കൊള്ളുന്നത്.

© 2025 Yuvakalasahithy UAE. All rights reserved.

38. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും .

39. വിധിനിർണ്ണയവുമായി ബന്ധപ്പെട്ട് മത്സരാർത്ഥിക്കോ രക്ഷിതാവിനോ ഉള്ള ആശങ്കകൾ / സംശയങ്ങൾ എന്നിവ പരിശോധിക്കാൻ പരാതി പരിഹാര കമ്മിറ്റിയെ സമീപിക്കാവുന്നതാണ്.

40. മത്സരഫലം പ്രഖ്യാപിച്ചു ഒരു മണിക്കൂറിനുള്ളിൽ നിശ്ചിത അപേക്ഷ ഫോറം വഴി ഫീസ് (50 ദിർഹം) അടച്ചു അപേക്ഷിക്കേണ്ടതാണ്. അതാതു മേഖലകളുടെ ചുമതലക്കാരുടെ ഒപ്പോടുകൂടിയുള്ള അപേക്ഷാഫോറങ്ങൾ മാത്രമേ പരാതി പരിഹാര കമ്മിറ്റി സ്വീകരിക്കുകയുള്ളൂ.

41. പരാതി നൽകുന്നതിന് ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ് .

42. മാന്വൽ പരിഷ്ക്കരിക്കാൻ ഏതു ഘട്ടത്തിലും മാന്വൽ കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## <u>കലാതിലക പട്ടത്തിന്റെ മാനദണ്ഡങ്ങൾ</u>

I. ചുരുങ്ങിയത് രണ്ട് സ്റ്റേജ് മത്സരങ്ങളിലും രണ്ട് സ്റ്റേജിതര മത്സരങ്ങളിലെങ്കിലും കൃത്യമായി പങ്കെടുത്തിരിക്കണം.

II. സ്റ്റേജ് മത്സരങ്ങളിലും സ്റ്റേജിതര മത്സരങ്ങളിലും ഒരു ഇനത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനത്തു എത്തിയിരിക്കണം.

III. വിഭാഗം 3 (ക്ലാസിക്കൽ ഡാൻസ് ) ലെ ഏതെങ്കിലും മത്സരഇനങ്ങളിൽ പങ്കെടുക്കുകയും അതിൽ ഒരിനത്തിനെങ്കിലും എ ഗ്രേഡ് ലഭിക്കേണ്ടതുമാണ്

IV. മുകളിൽ പറഞ്ഞ മാനദണ്ഡം പ്രകാരം തിലക പട്ടങ്ങൾക്കു വിജയികളെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ഗ്രേഡ്, പോയിൻ്റ് അടിസ്ഥാനത്തിൽ വിജയികളെ തീരുമാനിക്കാവുന്നതാണ് .

© 2025 Yuvakalasahithy UAE. All rights reserved.

**<u>കലാപ്രതിഭ പട്ടത്തിന്റെ മാനദണ്ഡങ്ങൾ</u>**

I. ചുരുങ്ങിയത് രണ്ട് സ്റ്റേജ് മത്സരങ്ങളിലും രണ്ട് സ്റ്റേജിതര മത്സരങ്ങളിലെങ്കിലും കൃത്യമായി പങ്കെടുത്തിരിക്കണം.

II. സ്റ്റേജ് മത്സരങ്ങളിലും സ്റ്റേജിതര മത്സരങ്ങളിലും ഒരു ഇനത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനത്തു എത്തിയിരിക്കണം.

III. മുകളിൽ പറഞ്ഞ മാനദണ്ഡം പ്രകാരം പ്രതിഭ പട്ടങ്ങൾക്കു വിജയികളെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ഗ്രേഡ്, പോയിൻറ് അടിസ്ഥാനത്തിൽ വിജയികളെ തീരുമാനിക്കാവുന്നതാണ് .

© 2025 Yuvakalasahithy UAE. All rights reserved.

## <u>കാറ്റഗറി - I ലെ മത്സരങ്ങൾ</u>

i. നാല്  വയസ്സു മുതൽ ആറ് വയസ്സ് വരെ പ്രായം ഉള്ള കുട്ടികൾ ആണ് ഈ കാറ്റഗറിയിൽ  പങ്കെടുക്കുന്നത്.

ii. ഈ വിഭാഗത്തിന് താഴെ പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| 1 | പെൻസിൽ കളറിംഗ് | 60 മിനിറ്റ് |
| 2 | കഥ പറയൽ  (മലയാളം) | 5 മിനിറ്റ് |
| 3 | കഥ പറയൽ  ((ഇംഗ്ലീഷ് ) | 5 മിനിറ്റ് |
| 4 | ആംഗ്യപ്പാട്ട്  (മലയാളം OR ഇംഗ്ലീഷ്) | 5 മിനിറ്റ് |
| 5 | പ്രച്ഛന്ന വേഷം | 5 മിനിറ്റ് |
| 6 | സിനിമാറ്റിക് ഡാൻസ് (Single) - Boys | 5 മിനിറ്റ് |
| 7 | സിനിമാറ്റിക് ഡാൻസ് (Single) – Girls | 5 മിനിറ്റ് |

iii. ഒരു മത്സരാർത്ഥിക്ക് പങ്കെടുക്കാവുന്ന ഇനങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം ഇല്ല .

© 2025 Yuvakalasahithy UAE. All rights reserved.

## കാറ്റഗറി - II ലെ മത്സരങ്ങൾ

i. ഏഴ് വയസ്സു മുതൽ ഒൻപത് വയസ്സ് വരെ പ്രായം ഉള്ള കുട്ടികൾ ആണ് ഈ കാറ്റഗറിയിൽ പങ്കെടുക്കുന്നത്.

ii. ഈ വിഭാഗത്തിന് താഴെ പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്;

| | | |
|---|---|---|
| 1 | ചിത്ര രചന പെൻസിൽ | 120 മിനിറ്റ് |
| 2 | പദ്യം ചൊല്ലൽ (മലയാളം) | 5 മിനിറ്റ് |
| 3 | പദ്യം ചൊല്ലൽ ((ഇംഗ്ലീഷ് ) | 5 മിനിറ്റ് |
| 4 | മോണോ ആക്ട് | 5 മിനിറ്റ് |
| 5 | കഥ പറയൽ (മലയാളം) | 5 മിനിറ്റ് |
| 6 | കഥ പറയൽ ((ഇംഗ്ലീഷ് ) | 5 മിനിറ്റ് |
| 7 | പ്രച്ഛന്ന വേഷം | 5 മിനിറ്റ് |
| 8 | നാടോടി നൃത്തം (Single) | 5 മിനിറ്റ് |
| 9 | സിനിമാറ്റിക് ഡാൻസ് (Single) - Boys | 5 മിനിറ്റ് |
| 10 | സിനിമാറ്റിക് ഡാൻസ് (Single) – Girls | 5 മിനിറ്റ് |

iii. ഒരു മത്സരാർത്ഥിക്ക് പങ്കെടുക്കാവുന്ന ഇനങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം ഇല്ല .

## കാറ്റഗറി - III ലെ മത്സരങ്ങൾ

i. പത്ത് വയസ്സു മുതൽ പന്ത്രണ്ട് വയസ്സ് വരെ പ്രായം ഉള്ള കുട്ടികളാണ് ഈ കാറ്റഗറിയിലെ മത്സരത്തിൽ പങ്കെടുക്കുന്നത് .

ii. ഈ വിഭാഗത്തിന് താഴെ പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്.

© 2025 Yuvakalasahithy UAE. All rights reserved.

| **വിഭാഗം -1 (സ്റ്റേജിതര മത്സരങ്ങൾ )** | | |
|---|---|---|
| 1 | കവിതാരചന (മലയാളം ) | 90 മിനിറ്റ് |
| 2 | കവിതാരചന (ഇംഗ്ലീഷ് ) | |
| 3 | കഥാരചന (മലയാളം ) | |
| 4 | കഥാരചന (ഇംഗ്ലീഷ് ) | |
| 5 | ഉപന്യാസം (മലയാളം ) | |
| 6 | ഉപന്യാസം (ഇംഗ്ലീഷ് ) | |
| 7 | ചിത്രരചന (പെൻസിൽ ) | 120 മിനിറ്റ് |
| 8 | ചിത്രരചന (ജലച്ചായം ) | |
| 9 | കാർട്ടൂൺ | |
| **വിഭാഗം -2 (സ്റ്റേജിനങ്ങൾ )** | | |
| 1 | ലളിത ഗാനം | 5 മിനിറ്റ് |
| 2 | ശാസ്ത്രീയ സംഗീതം | 10 മിനിറ്റ് |
| 3 | മാപ്പിളപ്പാട്ട് | 5 മിനിറ്റ് |
| 4 | പദ്യം ചൊല്ലൽ (മലയാളം ) | |
| 5 | പദ്യം ചൊല്ലൽ ( ഇംഗ്ലീഷ് ) | |
| 6 | പ്രസംഗം (മലയാളം) | |
| 7 | പ്രസംഗം ( ഇംഗ്ലീഷ് ) | |
| 8 | മോണോ ആക്ട് | |
| 9 | നാടോടി നൃത്തം (Single) | |
| 10 | സിനിമാറ്റിക് ഡാൻസ് (Single) - Boys | |
| 11 | സിനിമാറ്റിക് ഡാൻസ് (Single) – Girls | |
| 12 | പ്രച്ഛന്ന വേഷം | |

| **വിഭാഗം - 3 (ക്ലാസിക്കൽ ഡാൻസ് )** | | |
|---|---|---|
| 1 | ഭരതനാട്യം ( പെൺ ) | 10 മിനിറ്റ് |
| 2 | മോഹിനിയാട്ടം ( പെൺ ) | |
| 3 | കുച്ചുപ്പുടി ( പെൺ ) | |

© 2025 Yuvakalasahithy UAE. All rights reserved.

## കാറ്റഗറി- IV ലെ മത്സരങ്ങൾ

i. പതിമൂന്ന് വയസ്സ് മുതൽ പതിനഞ്ചു വയസ്സ് വരെ പ്രായം ഉള്ള കുട്ടികളാണ് ഈ കാറ്റഗറിയിലെ മത്സരത്തിൽ പങ്കെടുക്കുന്നത്.

ii. ഈ വിഭാഗത്തിന് താഴെ പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്.

| **വിഭാഗം -1 (സ്റ്റേജിതര മത്സരങ്ങൾ )** | | |
|---|---|---|
| 1 | കവിതാരചന (മലയാളം ) | 90 മിനിറ്റ് |
| 2 | കവിതാരചന (ഇംഗ്ലീഷ് ) | |
| 3 | കഥാരചന (മലയാളം ) | |
| 4 | കഥാരചന (ഇംഗ്ലീഷ് ) | |
| 5 | ഉപന്യാസം (മലയാളം ) | |
| 6 | ഉപന്യാസം (ഇംഗ്ലീഷ് ) | |
| 7 | ചിത്രരചന (പെൻസിൽ ) | 120 മിനിറ്റ് |
| 8 | ചിത്രരചന (ജലച്ചായം ) | |
| 9 | ചിത്രരചന (എണ്ണച്ചായം ) | |
| 10 | കാർട്ടൂൺ | |
| **വിഭാഗം -2 (സ്റ്റേജിനങ്ങൾ )** | | |
| 1 | ലളിത ഗാനം (ആൺ ) | 5 മിനിറ്റ് |
| 2 | ലളിത ഗാനം (പെൺ ) | |
| 3 | ശാസ്ത്രീയ സംഗീതം (ആൺ ) | 10 മിനിറ്റ് |
| 4 | ശാസ്ത്രീയ സംഗീതം (പെൺ ) | |
| 5 | മാപ്പിളപ്പാട്ട് (ആൺ ) | 5 മിനിറ്റ് |
| 6 | മാപ്പിളപ്പാട്ട് (പെൺ ) | |
| 7 | പദ്യം ചൊല്ലൽ (മലയാളം ) | |
| 8 | പ്രസംഗം (മലയാളം) | |
| 9 | പ്രസംഗം ( ഇംഗ്ലീഷ് ) | |
| 10 | മോണോ ആക്ട് (ആൺ ) | |
| 11 | മോണോ ആക്ട് (പെൺ ) | |
| 12 | പ്രച്ഛന്ന വേഷം | |
| 13 | സിനിമാറ്റിക് ഡാൻസ് (Single) – Boys | |
| 14 | സിനിമാറ്റിക് ഡാൻസ് (Single) – Girls | |
| 15 | നാടോടി നൃത്തം (Single) | |

© 2025 Yuvakalasahithy UAE. All rights reserved.

| വിഭാഗം - 3 (ക്ലാസിക്കൽ ഡാൻസ് ) | | |
|---|---|---|
| 1 | ഭരതനാട്യം ( പെൺ ) | 10 മിനിറ്റ് |
| 2 | മോഹിനിയാട്ടം ( പെൺ ) | |
| 3 | കുച്ചുപ്പുടി ( പെൺ ) | |

## കാറ്റഗറി- V ലെ മത്സരങ്ങൾ

i. പതിനാറു മുതൽ പതിനെട്ട് വയസ്സ് വരെ പ്രായം ഉള്ള കുട്ടികളാണ് ഈ കാറ്റഗറിയിലെ മത്സരത്തിൽ പങ്കെടുക്കുന്നത്.

ii. ഈ വിഭാഗത്തിന് താഴെ പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്.

| വിഭാഗം -1 (സ്റ്റേജിതര മത്സരങ്ങൾ ) | | |
|---|---|---|
| 1 | കവിതാരചന (മലയാളം ) | 90 മിനിറ്റ് |
| 2 | കവിതാരചന (ഇംഗ്ലീഷ് ) | |
| 3 | കഥാരചന (മലയാളം ) | |
| 4 | കഥാരചന (ഇംഗ്ലീഷ് ) | |
| 5 | ഉപന്യാസം (മലയാളം ) | |
| 6 | ഉപന്യാസം (ഇംഗ്ലീഷ് ) | |
| 7 | ചിത്രരചന (പെൻസിൽ ) | 120 മിനിറ്റ് |
| 8 | ചിത്രരചന (ജലച്ചായം ) | |
| 9 | ചിത്രരചന (എണ്ണച്ചായം ) | |
| 10 | കാർട്ടൂൺ | |
| **വിഭാഗം -2 (സ്റ്റേജിനങ്ങൾ )** | | |
| 1 | ലളിത ഗാനം (ആൺ ) | 5 മിനിറ്റ് |
| 2 | ലളിത ഗാനം (പെൺ ) | |
| 3 | പദ്യം ചൊല്ലൽ (മലയാളം ) | |
| 4 | ശാസ്ത്രീയ സംഗീതം (ആൺ ) | 10 മിനിറ്റ് |
| 5 | ശാസ്ത്രീയ സംഗീതം (പെൺ ) | |
| 6 | മാപ്പിളപ്പാട്ട് (ആൺ ) | 5 മിനിറ്റ് |
| 7 | മാപ്പിളപ്പാട്ട് (പെൺ ) | |
| 8 | സിനിമാറ്റിക് ഡാൻസ് (Single) - Boys | |
| 9 | സിനിമാറ്റിക് ഡാൻസ് (Single) – Girls | |

© 2025 Yuvakalasahithy UAE. All rights reserved.

| വിഭാഗം - 3 (ക്ലാസിക്കൽ ഡാൻസ് ) | | |
|---|---|---|
| 1 | ഭരതനാട്യം ( പെൺ ) | 10 മിനിറ്റ് |
| 2 | മോഹിനിയാട്ടം ( പെൺ ) | |
| 3 | കുച്ചുപ്പുടി ( പെൺ ) | |

## ഗ്രൂപ്പ് മത്സരങ്ങൾ

I. യു എ ഇ ൽ KG തലം മുതൽ +2 വരെ പഠിക്കുന്ന കുട്ടികൾക്ക് ഗ്രൂപ്പ് മത്സരങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നതാണ് .

II. ഗ്രൂപ്പ് മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥിക്ക് ക്രമ നമ്പർ 7 നിബന്ധന ബാധകമല്ല.

III. പിന്നണി അനുവദിച്ചിട്ടുള്ള മത്സര ഇനങ്ങളിൽ നിശ്ചയിക്കപ്പെട്ട പ്രായപരിധി ഉള്ളവരെ മാത്രമേ ഉൾപ്പെടുത്താവൂ .

IV. ഓരോ ഇനത്തിലും പങ്കെടുക്കാൻ സാധിക്കുന്ന ടീമുകളുടെ എണ്ണം പരിമിതപ്പെടുത്തിയിരിക്കുന്നു. ആദ്യം രെജിസ്ട്രേർ ചെയ്യുന്ന ടീമുകൾക്ക് മുൻഗണന ലഭിക്കുന്നത്തായിരിക്കും.

V. ഈ വിഭാഗത്തിന് താഴെ പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്;

| മത്സര ഇനങ്ങൾ | | വിഭാഗങ്ങൾ | സമയം |
|---|---|---|---|
| 1 | സംഘ നൃത്തം (മിനിമം 4 പേർ മാക്സിമം 10 പേർ) | സീനിയർ (13 - 18 വയസ്സ്) | 10 മിനിറ്റ് |
| | | ജൂനിയർ (7 -12 വയസ്സ്) | |
| 2 | ഒപ്പന – 7+3 പേർ, പിന്നണി നിർബദ്ധമല്ല | സീനിയർ (13 - 18 വയസ്സ്) | |
| | | ജൂനിയർ (7 -12 വയസ്സ്) | |
| 3 | സിനിമാറ്റിക് ഡാൻസ് (മിനിമം 4 പേർ മാക്സിമം 10 പേർ) | സീനിയർ (13 - 18 വയസ്സ്) | 5 മിനിറ്റ് |
| | | ജൂനിയർ (7 -12 വയസ്സ്) | |

© 2025 Yuvakalasahithy UAE. All rights reserved.

## മേഖലാതല മത്സരം

I. മേഖലകൾ തമ്മിലുള്ള മത്സരങ്ങളാണ് ഈ വിഭാഗത്തിൽ നടക്കുന്നത്.
II. മേഖലാ മത്സരങ്ങൾക്ക് മത്സരാർത്ഥികളെ / ടീമുകളെ കണ്ടെത്തുന്നതിന് മേഖലകൾക്ക് ആവശ്യമെങ്കിൽ ഓഡിഷൻ / സ്ക്രീനിങ് എന്നിവ സംഘടിപ്പിക്കാവുന്നതാണ് .
III. നാടക മത്സരത്തിൽ ഒരു ഏകാങ്ക നാടകമോ ,വലിയ നാടകത്തിന്റെ തെരെഞ്ഞെടുത്ത ഭാഗങ്ങളോ അവതരിപ്പിക്കാം.
IV. നാടക പിന്നണി സംഗീതത്തിനായി USB ഉപയോഗിക്കാവുന്നതാണ് .
V. നാടക രംഗ സജീകരണത്തിനുള്ള സമയം പരമാവധി 15 മിനുട്ടായിരിക്കും .
VI. നല്ല നടൻ ,നടി എന്നിവർക്ക് പ്രത്യേക പുരസ്കാരം ഉണ്ടായിരിക്കുന്നതാണ് .
VII. പിന്നണി അനുവദിച്ചിട്ടുള്ള മത്സര ഇനങ്ങളിൽ നിശ്ചയിക്കപ്പെട്ട പ്രായപരിധി ഉള്ളവരെ മാത്രമേ ഉൾപ്പെടുത്താവൂ .
VIII. ഒരു മേഖലക്ക് പങ്കെടുക്കാവുന്ന മത്സര ഇനങ്ങളുടെ എണ്ണം താഴെ പറയും പ്രകാരം പരിമിതപ്പെടുത്തിയിരിക്കുന്നു .

ഈ വിഭാഗത്തിന് താഴെ പറയുന്ന മത്സരം ഉണ്ടായിരിക്കുന്നതാണ്.

| **മത്സര ഇനങ്ങൾ** | | **എണ്ണം** | **സമയം** |
|---|---|---|---|
| 1 | നാടകം – (പരമാവധി 7 on stage + 3 പിന്നണി) | 1 | 30 മിനിറ്റ് |
| 2 | തിരുവാതിര – 8 പേർ | 1 | 10 മിനിറ്റ് |
| 3 | സംഘഗാനം – 7 പേർ | 1 | 10 മിനിറ്റ് |

© 2025 Yuvakalasahithy UAE. All rights reserved.

## വിവിധ മത്സര ഇനങ്ങളിലെ വിജയികൾക്ക് നൽകുന്ന പുരസ്കാരങ്ങൾ

| | |
|---|---|
| ചാമ്പ്യൻഷിപ്പ് | **വയലാർ** |
| പ്രസംഗം | **കണിയാപുരം രാമചന്ദ്രൻ** |
| കഥ | **മാധവിക്കുട്ടി** |
| കവിത | **ഒ എൻ വി** |
| ഉപന്യാസം | **മലയാറ്റൂർ** |
| ഭരതനാട്യം | **രുക്മിണി അരുന്ദലെ** |
| മോഹിനിയാട്ടം | **കലാമണ്ഡലം കല്യാണിക്കുട്ടി അമ്മ** |
| കുച്ചുപ്പുടി | **ഇന്ദ്രാനി റഹ്മാൻ** |
| കലാപ്രതിഭ | **പി ഭാസ്കരൻ** |
| കലാതിലകം | **മൃണാളിനി സാരാഭായി** |
| മികച്ച നാടകം | **തോപ്പിൽ ഭാസി** |
| നല്ല നടൻ | **തിലകൻ** |
| നല്ല നടി | **കെ പി എ സി ലളിത** |

**<u>കാറ്റഗറി - I , കാറ്റഗറി II, കാറ്റഗറി III & കാറ്റഗറി V മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന വിജയികൾക്കുള്ള പുരസ്കാരങ്ങൾ</u>**

| | |
|---|---|
| കാറ്റഗറി - I | **കുഞ്ഞുണ്ണി മാഷ്** |
| കാറ്റഗറി - II | **സുഗതകുമാരി** |
| കാറ്റഗറി - III | **കെടാമംഗലം സദാനന്ദൻ** |
| കാറ്റഗറി - V | **എം ടി വാസുദേവൻ നായർ** |
| ഗ്രൂപ്പ് | **മോനിഷ** |

© 2025 Yuvakalasahithy UAE. All rights reserved.

<u>രജിസ്ട്രേഷൻ ഫീസ്</u>

**കാറ്റഗറി - I**

| **നമ്പർ** | **മത്സര ഇനം** | **ഫീസ്** |
|---|---|---|
| 1 | പെൻസിൽ കളറിംഗ് | 25 |
| 2 | കഥ പറയൽ (മലയാളം) | 25 |
| 3 | കഥ പറയൽ ((ഇംഗ്ലീഷ് ) | 25 |
| 4 | ആംഗ്യ പാട്ട് | 25 |
| 5 | പ്രച്ഛന്ന വേഷം | 25 |
| 6 | സിനിമാറ്റിക് ഡാൻസ് | 50 |

**കാറ്റഗറി - II**

| **നമ്പർ** | **മത്സര ഇനം** | **ഫീസ്** |
|---|---|---|
| 1 | ചിത്ര രചന പെൻസിൽ | 25 |
| 2 | പദ്യം ചൊല്ലൽ (മലയാളം) | 50 |
| 3 | പദ്യം ചൊല്ലൽ ((ഇംഗ്ലീഷ് ) | 50 |
| 4 | മോണോ ആക്ട് | 50 |
| 5 | കഥ പറയൽ (മലയാളം) | 50 |
| 6 | കഥ പറയൽ ((ഇംഗ്ലീഷ് ) | 50 |
| 7 | പ്രച്ഛന്ന വേഷം | 50 |
| 8 | നാടോടി നൃത്തം | 50 |
| 9 | സിനിമാറ്റിക് ഡാൻസ് | 100 |

N.B. ഒരു മത്സരാർത്ഥിയിൽ നിന്ന് പരമാവധി 500 ദിർഹം മാത്രമേ രജിസ്ട്രേഷൻ ഫീസായി ഈടാക്കുകയുള്ളു

© 2025 Yuvakalasahithy UAE. All rights reserved.

## കാറ്റഗറി - III

| നമ്പർ | മത്സര ഇനം | ഫീസ് |
| --- | --- | --- |
| 1 | വിഭാഗം -1 (സ്റ്റേജിതര മത്സരങ്ങൾ ) | 25 |
| 2 | വിഭാഗം -2 (സ്റ്റേജിനങ്ങൾ ) | 50 |
| 3 | വിഭാഗം -2 സിനിമാറ്റിക് ഡാൻസ് | 100 |
| 4 | വിഭാഗം - 3 (ക്ലാസിക്കൽ ഡാൻസ് ) | 100 |

## കാറ്റഗറി - IV

| നമ്പർ | മത്സര ഇനം | ഫീസ് |
| --- | --- | --- |
| 1 | വിഭാഗം -1 (സ്റ്റേജിതര മത്സരങ്ങൾ ) | 25 |
| 2 | വിഭാഗം -2 (സ്റ്റേജിനങ്ങൾ ) | 50 |
| 3 | വിഭാഗം -2 സിനിമാറ്റിക് ഡാൻസ് | 100 |
| 4 | വിഭാഗം - 3 (ക്ലാസിക്കൽ ഡാൻസ് ) | 100 |

N.B. ഒരു മത്സരാർത്ഥിയിൽ നിന്ന് പരമാവധി 500 ദിർഹം മാത്രമേ രജിസ്ട്രേഷൻ ഫീസായി ഈടാക്കുകയുള്ളു .

© 2025 Yuvakalasahithy UAE. All rights reserved.

## കാറ്റഗറി - V

| നമ്പർ | മത്സര ഇനം | ഫീസ് |
|---|---|---|
| 1 | വിഭാഗം -1 (സ്റ്റേജിതര മത്സരങ്ങൾ ) | 25 |
| 2 | വിഭാഗം -2 (സ്റ്റേജിനങ്ങൾ ) | 50 |
| 3 | വിഭാഗം -2 സിനിമാറ്റിക് ഡാൻസ് | 100 |
| 4 | വിഭാഗം - 3 (ക്ലാസിക്കൽ ഡാൻസ് ) | 100 |

N.B. ഒരു മത്സരാർത്ഥിയിൽ നിന്ന് പരമാവധി 500 ദിർഹം മാത്രമേ രജിസ്ട്രേഷൻ ഫീസായി ഈടാക്കുകയുള്ളു

## ഗ്രൂപ്പ് മത്സരങ്ങൾ

| നമ്പർ | മത്സര ഇനം | ഫീസ് |
|---|---|---|
| 1 | സംഘ നൃത്തം | 250 |
| 2 | ഒപ്പന (പെൺകുട്ടികൾ ) | 250 |
| 3 | സിനിമാറ്റിക് ഡാൻസ് (ഗ്രൂപ്പ് ) | 250 |

## മേഖലകൾ തമ്മിലുള്ള മത്സര ഇനങ്ങൾ

| നമ്പർ | മത്സര ഇനം | ഫീസ് |
|---|---|---|
| 1 | നാടകം | 250 |
| 2 | തിരുവാതിര | 150 |
| 3 | സംഘഗാനം | 100 |

© 2025 Yuvakalasahithy UAE. All rights reserved.